പാരമ്പര്യേതര സ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉൽപാദനം

11 [1908] ശ്രീ. കെ. ബാബു:
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. വി. ഡി. സതീശൻ:
,, പി. ടി. തോമസ്:
,, എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാറ്റ് സോളാർ എനർജി, ബയോ എനർജി എന്നീ സോഴ്സുകളിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര വീതം;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) ഈ സോഴ്സുകളിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സോളാർ എനർജിയിൽ നിന്നും 65 KW ഉം കാറ്റിൽ നിന്നും 7 MW വൈദ്യുതിയും ഉല്പാദിപ്പിക്കുന്നുണ്ട്. ബയോ എനർജിയിൽ നിന്നും സംസ്ഥാനത്ത് വൈദ്യുതി ഉല്പാദിപ്പിക്കുന്നില്ല.

(ബി) ബയോ എനർജി ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധനയിലാണ്.

(സി) സംസ്ഥാനത്ത് കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനും സഹകാര്യ ഉല്പാദകരെ പ്രോൽസാഹിപ്പിക്കുന്നതിനുമായുള്ള മാർഗ്ഗരേഖ 6-11-2004-ൽ സർക്കാർ പുറപ്പെടുവിച്ചു. കേന്ദ്ര പാരമ്പര്യേതര ഊർജ്ജ മന്ത്രാലയത്തിന്റെ സഹായത്തോടെ നടത്തിയ പഠനങ്ങളിൽ കേരളത്തിൽ ഇടുക്കി, പാലക്കാട് ജില്ലകളിലുള്ള 16 സ്ഥലങ്ങളിൽ കാറ്റിന്റെ ശക്തികൊണ്ട് 605 MW വൈദ്യുതി ഉല്പാദിപ്പിക്കാനാവുമെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ മാത്രം 80 MW വൈദ്യുതോൽപ്പാദന ശേഷിയുണ്ട്. പദ്ധതി നടത്തിപ്പിനായി ഇവിടെ 149.10.53 ഹെക്ടർ ഭൂമി അനർട്ടിന് കൈമാറിക്കൊണ്ട്, സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ പ്രദേശത്തെ കാറ്റിന്റെ വ്യത കണക്കാക്കുന്നതിനായുള്ള കോണ്ടൂർ സർവ്വെയും നടത്തിക്കഴിഞ്ഞു. ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ പ്രസരണത്തിനായി പുഷ്പകണ്ടം-നെടുങ്കണ്ടം ലൈൻ വലിക്കുന്നതിന്റെ പ്രാരംഭ നടപടികൾ തുടങ്ങിക്കഴിഞ്ഞു. 2 MW ന്റെ ഒരു ഡെമോൺസ്ട്രേഷൻ വിൻഡ് ഫാം സ്ഥാപിക്കുന്നതിനുള്ള നടപടികൾ അനർട്ട് ആരംഭിച്ചുകഴിഞ്ഞു. കുറുവണ്ടിത്തോടിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന 1 MW ശേഷിയുള്ള നിലയം സ്ഥാപിക്കാനായി PUMA എന്ന കമ്പനിയുമായി വൈദ്യുതി വാങ്ങൽ കരാർ കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് ഒപ്പ് വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly